പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2370 — 01/04/13-ൽ മറുപടിയ്ക്ക്

# അസിസ്റ്റന്റ് എന്റമോളജിസ്റ്റ് നിയമനം

| | ചോദ്യം<br><br>ശ്രീമതി. കെ.കെ ലതിക | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അസിസ്റ്റന്റ് എന്റമോളജിസ്റ്റ് നിയമനത്തിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) | ഗവൺമെന്റ് ഉത്തരവ് (എം.എസ്)45/94/ആ.കു.വ. തീയതി 25.02.1994 പ്രകാരം ഹെൽത്ത് സർവ്വീസിൽ ഉള്ളവർക്ക് പ്രമോഷൻ മുഖാന്തിരം നിയമിക്കുന്നതിന് താഴെ പറയുന്ന യോഗ്യത ഉണ്ടായിരിക്കണം.<br>1. സുവോളജി ബിരുദം ഒന്നാം ക്ലാസ്, അല്ലെങ്കിൽ രണ്ടാം ക്ലാസ്, അവയുടെ അഭാവത്തിൽ ബോട്ടണി & സുവോളജി സബ്സിഡിയറിയായി പഠിച്ച ബിരുദം ഒന്നാം ക്ലാസ്, അല്ലെങ്കിൽ രണ്ടാം ക്ലാസ്<br>2. ഡൽഹി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൽ ഡിസീസിന്റെ കീഴിൽ 20 ദിവസത്തിൽ കുറയാത്ത ഫൈലേറിയ/മലേറിയ ട്രെയിനിംഗ് സർട്ടിഫിക്കറ്റ്.<br>3. മലേറിയ, ഫൈലേറിയ സർവ്വെ കൺട്രോളുകളിലുള്ള പ്രവൃത്തി പരിചയം കേരളത്തിൽ ഒരു വർഷം അല്ലെങ്കിൽ ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിൽ ആറ് മാസം<br>നേരിട്ടുള്ള നിയമനം:- എം.എസ്.സി സുവോളജിയും, എന്റമോളജി, മെഡിക്കൽ എന്റമോളജി ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ്. |
| (ബി) | പ്രസ്തുത തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന് പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | എന്റമോളജിസ്റ്റ് നിയമനവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട് |
| (സി) | പരാതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ